സെന്റർ കോളേജ് കോട്ടയം

അദ്ധ്യാപക രക്ഷാകർത്തൃ സമിതി വാർഷിക റിപ്പോർട്ട് - 2025

റിപ്പോർട്ട്

2025 മാർച്ച് 25 ന് ചേർന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതി പൊതുയോഗം, കോളേജ് പ്രിൻസിപ്പൽ പ്രസിഡണ്ട് ആയ പി.റ്റി. എ നിർവ്വാഹക സമിതിയിലേക്ക് പി.റ്റി. എ സെക്രട്ടറി ആയി ശ്രീ. സിജോ മാത്യു , എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ആയി ശ്രീമതി അനിജ സുനിൽ, ഡോ. ഷീബ എം , ഡോ. ഷൈനി കെ. ജെ, ശ്രീ. സനൽ രാജ് , ശ്രീമതി ദീപ രഘുകുമാർ എന്നിവരെ തിരഞ്ഞെടുത്തു.

2025 - 2026 അക്കാദമിക വർഷം കോളേജിൻറെ അടിസ്ഥാന വികസ പ്രവർത്തനങ്ങളിലും, വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പഠന പഠനേതര വിഷയങ്ങളിലും മികച്ച സഹകരണം നൽകുവാൻ പി.റ്റി. എ ക്ക് സാധിച്ചു.

പി.റ്റി. എ ഈ വർഷം സഹകരിച്ച പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ ഉത്ഘാടനം വിജ്ഞാനോത്സവം 2025 വളരെ ഭംഗിയായി ഓർഗനൈസ് ചെയ്യുന്നതിന് മുൻകൈ എടുത്തു. അന്നേ ദിവസം വന്നു ചേർന്ന ഒന്നാം വർഷ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും പി.റ്റി.എ യുടെ നേതൃത്വത്തിൽ ലഘു ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്യുകയുണ്ടായി.

കോളേജ് യൂണിയൻ ഇലക്ഷൻ നടത്തുന്നതിനുള്ള ചിലവുകൾ പി.റ്റി.എ വഹിച്ചു. കോളേജ് യൂണിയൻ കലാപ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക പിന്തുണ നൽകി. കോളേജ് ഓഫീസ് എക്സാം സംബന്ധിയായ ചിലവുകൾ , ഇന്റർനെറ്റ് ബില്ല് എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കി.

ഇതിനു പുറമെ കോളേജിലെ വിവിധ പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യ വികസനത്തിനും, പരിപാലനത്തിനും പി.റ്റി. എ നേതൃത്വം നൽകി. അവ ചുവടെ ചേർക്കുന്നു.

1. നമ്മുടെ കോളേജിന്റെ അമ്പതാം വാർഷികത്തിന്റെ സമാപനവുമായി ബന്ധപ്പെട്ട് നടത്തിയ സുവർണ്ണം 2025 നു പി.ടി.എ എല്ലാവിധ സഹായങ്ങളും നൽകി. സുവർണ്ണം 2025 ന്റെ സാമ്പത്തിക കാര്യങ്ങൾ പി.ടി.എ വഴിയാണ് ചെയ്തത്.
2. പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് 2024 ലെ ജനറൽ ബോഡി മീറ്റിംഗിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു.
3. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, ഓഫീസ്, ലൈബ്രറി, കാന്റീൻ എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ, പ്ലമ്പിങ്ങ് സംബന്ധിയായ പ്രശ്നങ്ങൾ തീർക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു.
4. KIFBI പദ്ധതിയുടെ കീഴിൽ കോളേജിനു ലഭ്യമായ 'D' ബ്ലോക്കിലെ ഡിപ്പാർട്ടുമെന്റുകൾക്ക് ആവശ്യം വേണ്ട അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകി.
5. ഹോസ്റ്റലിലെ അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനായി ഹോസ്റ്റൽ വിദ്യാർത്ഥികളിൽ നിന്ന് RS .510 / വീതം, കോളേജ് കൌൺസിൽ തീരുമാന പ്രകാരം പി.ടി.എ account വഴി collect ചെയ്ത് നൽകുന്നു.
6. കോളേജ് ക്യാമ്പസ്സിൽ അപകടരമായ അവസ്ഥയിൽ നിന്നിരുന്ന വൃക്ഷ ശിഖരങ്ങൾ, വൃക്ഷങ്ങൾ എന്നിവ മുറിച്ച് മാറ്റുകയും, ചെറുകാടുകൾ നീക്കം ചെയ്യുകയും ചെയ്തു.
7. കോളേജ് ഓഫീസിലേക്കും, വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കും ആവശ്യപ്പെടുന്നതിനനുസരിച്ച് 20 L കുടിവെള്ള കുപ്പികൾ വാങ്ങി നൽകി.
8. 2025 – 2026 അക്കാദമിക വർഷത്തെ STUDENTS ID CARDS തയ്യാറാക്കി നൽകി.
9. JEEVANI കൗൺസിലേഴ്സിന്റെ INTERVIEW നു resourse person ന് ഉള്ള remuneration നൽകി.

10. കോളേജ് ലൈബ്രറിയിലേക്ക് NLIST പുതുക്കുന്നതിന് സാമ്പത്തിക സഹായം നല്കി.
11. ബിരുദ ബിരുദാനന്ദ തലത്തിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് internal എക്സാം നടത്തുവാനുള്ള സ്റ്റേഷനറി ഐറ്റംസ് വാങ്ങാൻ സാമ്പത്തിക സഹായം നൽകി.
12. കോളേജിലെ സെക്യൂരിറ്റി ജീവനക്കാരനുള്ള ശമ്പളം നൽകി വരുന്നു. ഇ തിലേക്കായി കോളേജ് കൌൺസിൽ തീരുമാന പ്രകാരം ഓരോ അദ്ധ്യാ പകരിൽ നിന്നും Rs. 1500 വീതം collect ചെയ്യുന്നു.
13. കോളേജ് ഓഫീസിലെ ജീവനക്കാർ ഓഫീസ് ആവശ്യങ്ങൾക്കായി പോകുമ്പോൾ അവർക്കുള്ള യാത്ര ചിലവുകൾ നൽകുന്നു,
14. പ്രിൻസിപ്പലിന്റെ ഡിജിറ്റൽ signature തയ്യാറാക്കുന്നതിനും, ഓഫീസ് സീ ലുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി
15. .നമ്മുടെ കോളേജിലെ പ്രധാന ജല സ്രോതസ്സുകളായ ബോർവെല്ലുകളിലെ പമ്പു ക്ലീൻ ചെയ്തു സർവീസ് ചെയ്യുന്നതിന്, ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
16. കോളേജിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്ന ഹരിത കർമ്മ സേനയ്ക്കുള്ള യൂസർ ഫീ നൽകി വരുന്നു.
17. എൻ. എസ്. എസ് ന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
18. ഈ വർഷം നമ്മുടെ കോളേജിലെ ബോട്ടണി, ജിയോളജി ഡിപ്പാർട്മെന്റു കളുടെ നാഷണൽ വർക്ഷോപ്പുകളുടെ നടത്തിപ്പിന് ആവശ്യമായ തുക അ ഡ്വാൻസ് ആയി നൽകി
19. കോളേജ് ലൈബ്രറിയിലേക്ക് പുതിയ ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിനും, പഴയ ബുക്കുകൾ മാറ്റി ലൈബ്രറി ക്ലീൻ ചെയ്യുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി.

20. കോളേജിലെ വിവിധ ബ്ലോക്കുകളിയായി സ്ഥാപിച്ചിട്ടുള്ള വാട്ടർ പ്യൂരിഫയെർസ് സർവീസ് ചെയ്തു.
21. കോളേജിലെ വിവിധ കെട്ടിടങ്ങളിലെ ഡെയിലി ക്ലീനിങ്ങിനു ആവശ്യമായ സാനിറ്ററി ഐറ്റംസ് വാങ്ങി നൽകി.
22. IQAC പ്രിന്ററുകൾ സർവീസ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകി.
23. കോളേജ് ഹോസ്റ്റലിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
24. കോളേജിലെ വിവിധ സയൻസ് ഡിപ്പാർട്മെന്റുകൾക്കു പ്രാക്ടിക്കൽ എക്സാം നടത്തുന്നതിന് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
25. എ ജി ഓഡിറ്റുമായി ബന്ധപ്പെട്ട ചിലവുകൾ വഹിച്ചു
26. വിവിധ ഡിപ്പാർട്മെന്റുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി.
27. ഒന്നാം വർഷ അഡ്മിഷനുമായി ബന്ധപ്പെട്ടും, ഗവണ്മെന്റിന്റെ പ്രോഗ്രാമ്മുകളുമായി ബന്ധപ്പെട്ടതുമായ ബാനറുകൾ പ്രിന്റ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകി.
28. ജൂൺ 5 , പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ടു ക്യാമ്പസ്സിൽ നടുന്നതിനുള്ള ചെടികൾ വാങ്ങി നൽകി.
29. കോളേജ് ബിഎൽഡിങ്ങുകളിലേക്കും ഓഫീസിലേക്കും ഉള്ള എൻട്രൻസുകളിലേക്കു ആവശ്യമായ ചവുട്ടികൾ വാങ്ങി.
30. ആന്റിറാഗ്ഗിങ് സെല്ലിന്റെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം നൽകി.

കോളേജിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാർത്ഥികളുടെ ഉന്നതിക്കും വേണ്ട കാര്യങ്ങൾ പി.ടി.എ യുടെ പരിമിതമായ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് ചെയ്യുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. 2025 – 2026 അക്കാദമിക് വർഷം പി.ടി.എ യിലേക്ക് ലഭിച്ച എല്ലാ സബ്മിഷൻസും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചു.

റിപ്പോർട്ട് വർഷത്തിൽ 5 പി.ടി.എ എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്നു. പി .ടി.എ യുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി നിസ്വാർത്ഥമായി സഹകരിച്ച പി.റ്റി.എ പ്രസിഡന്റും കോളേജ് പ്രിൻസിപ്പാളും ആയ പ്രൊഫ.(ഡോ.) വർഗീസ് ജേക്കബ് , മുൻ പി.ടി.എ പ്രസിഡന്റുമാരും കോളേജ് പ്രിൻസിപ്പൽമാരു മായിരുന്ന പ്രൊഫ.(ഡോ.) ആർ. പ്രഗാഷ്, ശ്രീ. ദിലീപ്കുമാർ പി.ജി, വൈസ് പ്രിൻസിപ്പാൾ ശ്രീ. എം.എസ് സോമരാജൻ, പി.റ്റി.എ വൈസ് പ്രസിഡന്റായ ശ്രീമതി അനിജ സുനിൽ, പി.റ്റി.എ ട്രെഷറർ പ്രൊഫ.(ഡോ.) ഷീബ എം, പി.റ്റി.എ എക്സിക്യൂട്ടീവ് മെമ്പേഴ്സ് ഡോ. ഷൈനി കെ.ജെ ., ശ്രീ സനൽ രാജ്, ശ്രീമതി ദീപ രഘുകുമാർ , പി.റ്റി. എ 2025 വർഷത്തെ അക്കൗണ്ട് ഓഡിറ്റ് ചെയ്ത് തന്ന കോമേഴ്സ് വിഭാഗം അദ്ധ്യാപകൻ ശ്രീ. മഹേഷ് എം.റ്റി എന്നിവർക്കും , പി.റ്റി.എ യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച ഡോ. പ്രസന്ന രാജൻ (IQAC കോഓർഡിനേറ്റർ), ശ്രീ. സദാനന്ദൻ എ.കെ (ഫിസിക്സ് വിഭാഗം), മറ്റ് എല്ലാ അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

പി.റ്റി.എ യുടെ പ്രവർത്തനങ്ങളിൽ സഹായിച്ച കോളേജ് ഓഫീസ് സൂപ്രണ്ട് ശ്രീ ബിജു വി. തമ്പി, ഹെഡ് അക്കൗണ്ടൻറ്മാരായ ശ്രീ. അനീഷ് ഫിലിപ്പ്, ശ്രീ. രാജീവ് കുമാർ , ഓഫീസ് ജീവനക്കാരായ ശ്രീ. അരുൺ എ.കെ , ശ്രീ. അഭിലാഷ് അരവിന്ദ്, ശ്രീമതി രാജി മോൾ എന്നിവർക്കും പ്രത്യേകം നന്ദി.

പി.റ്റി.എ യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവരോടും സ്നേഹാദരങ്ങൾ അറിയിച്ചു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു

പ്രൊഫ.(ഡോ.) വർഗീസ് ജേക്കബ്
(പി.റ്റി.എ പ്രസിഡൻറ്)

ശ്രീ. സിജോ മാത്യു ,
(പി.റ്റി.എ സെക്രട്ടറി)

കോട്ടയം
25/03/2026